"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - തൃശ്ശൂർ ജില്ലയിലെ അവണൂർ ഗ്രാമപഞ്ചായത്ത് മുൻ അസിസ്റ്റന്റ് സെക്രട്ടറിമാരായ ശ്രീമതി ചിത്ര എം.പി., ശ്രീ. വിനു എൻ. പി. എന്നിവർക്കെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.462/2026/LSGD തീയതി,തിരുവനന്തപുരം, 23-02-2026

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 21/05/2024 ലെ E11-(SC -37/2023/TSR)19588/2023/DVACB നമ്പർ കത്ത്.
2. 29/12/2024 ലെ ഇപിബി3/192/2024/തസ്വഭവ നമ്പർ കുറ്റാരോപണ മെമ്മോ.
3. ശ്രീ. വിനു എൻ. പി, ശ്രീമതി. ചിത്ര എം.പി. എന്നിവർ 28/02/2025 ൽ സമർപ്പിച്ച എതിർവാദ പത്രികകൾ.
4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 24/11/2025 ലെ LSGD/PD/1693/2025-VIGC3 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തൃശ്ശൂർ ജില്ലയിലെ അവണൂർ ഗ്രാമ പഞ്ചായത്തിലെ കുടുംബശ്രീ കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റി സംവിധാനത്തിലെ സാമ്പത്തിക ക്രമക്കേട് സംബന്ധിച്ച പരാതിയിന്മേൽ തൃശ്ശൂർ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ യൂണിറ്റ് മിന്നൽ പരിശോധന നടത്തി ചുവടെ പറയുന്ന ക്രമക്കേടുകൾ കണ്ടെത്തി വിജിലൻസ് ഡയറക്ടർ പരാമർശം (1) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു.

1. അവണൂർ ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ യൂണിറ്റിന് സ്ഥിരമായുള്ള ഒരു അക്കൌണ്ടന്റ് ഇല്ല.
2. Cash Book ശരിയായ രീതിയൽ വ്യക്തമായി എഴുതി വരുന്നില്ല.

   a). ദിവസേനയുള്ള അക്കൗണ്ട് എഴുതി കാണുന്നില്ല. A/C closing നടത്തുന്നില്ല.

   b). Monthly A/C closing നടത്തുന്നില്ല. ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് സെക്രട്ടറി ആണ് അക്കൗണ്ട് ക്ലോസിംഗ് വെരിഫൈ ചെയ്യേണ്ടത്. ആയത് ചെയ്ത് കാണുന്നില്ല.

   c). ബാങ്ക് അക്കൗണ്ടുകളുടെ Reconciliation നടത്തുന്നില്ല.

3. 2018 വർഷം മുതൽ 2022 മാർച്ച് മാസം വരെയുള്ള **Cash Book** പരിശോധിച്ചതിൽ **Cash Book** ൽ വരുത്തേണ്ട എൻട്രികൾ ശരിയായ വിധം രേഖപ്പെടുത്തി കാണുന്നില്ല. ആയതിനാൽ അക്കൗണ്ടിലെ വരവ്-ചെലവ് കണക്കുകൾ നോക്കി ക്രമക്കേടുകൾ ഉണ്ടോ എന്ന് കണ്ടെത്തുന്നത് ദുഷ്കരമാണ്.
4. ആരോപണങ്ങൾ ഉണ്ടായിട്ടും കുടുംബശ്രീ ജില്ലാ മിഷനിൽ നിന്നും സ്ഥിരമായി ഒരു അക്കൗണ്ടന്റിനെ നിയമിച്ചിട്ടില്ലാത്തതാണ്.
5. ഓഡിറ്റിൽ അപാകതകൾ ചൂണ്ടികാട്ടിയിട്ടും **Cash Book** ഇപ്പോഴും ശരിയായ വിധം എഴുതി രേഖപ്പെടുത്തി വരുന്നില്ല.
6. പ്രതിമാസ അക്കൗണ്ട് **closing** ൽ **Asset & liability** വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.
7. പരിശോധന സമയം കുടംബശ്രീ ഓഫീസിൽ **20,750/-** രൂപ **Cash in hand** ഉള്ളതായി കാണപ്പെട്ടു.

**2)** മേൽ ക്രമക്കേടുകൾക്ക് അവണൂർ ഗ്രാമപഞ്ചായത്തിലെ മുൻ അസിസ്റ്റന്റ് സെക്രട്ടറിമാരായ ശ്രീമതി ചിത്ര എം.പി, ശ്രീ. വിനു എൻ. പി. എന്നിവർക്കെതിരെ വകുപ്പുതല നടപടി വിജിലൻസ് വകുപ്പ് ശിപാർശ ചെയ്തതിനെ തുടർന്ന് ടി ജീവനക്കാർക്കെതിരെ **KCS(CC&A) Rules 1960** ലെ ചട്ടം **16** പ്രകാരം പരാമർശം **(2)** കുറ്റാരോപണ പത്രിക നൽകി അച്ചടക്ക നടപടി ആരംഭിക്കുകയുണ്ടായി.

**3)** കുറ്റാരോപണ പത്രികയ്ക്ക് ശ്രീ.വിനു എൻ.പി (നിലവിൽ തൃശ്ശൂർ നഗരസഭയിൽ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിച്ച വരുന്നു) ശ്രീമതി ചിത്ര എം. പി. (നിലവിൽ ആളൂർ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചു വരുന്നു) എന്നിവർ പരാമർശം **(3)** പ്രകാരം സമർപ്പിച്ച എതിർവാദ പത്രികകളിലെ പൊതുവായ മറുപടി ചുവടെ ചേർക്കുന്നു.

i. അവണൂർ ഗ്രാമപഞ്ചായത്തിലെ **CDS** അക്കൗണ്ടന്റിനെ **08/11/2019** ലെ കുടുംബ്രശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്ററുടെ കത്ത് പ്രകാരം ചുമതലയിൽ നിന്നും നീക്കിയിട്ടുള്ളതാണ്.
ii. സ.ഉ.(പി) നം. **55/2021**/തസ്വഭവ തിയതി **08/11/2021** പ്രകാരം പുറപ്പടുവിച്ച കുടുംബശ്രീ ത്രിതല സംഘനാ സംവിധാനം **(CDS)** ബൈലോ പ്രകാരം **CDS** ന്റെ വരവ് ചെലവ് കണക്കുകൾ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടത് **CDS** അക്കൗണ്ടന്റിന്റെ ചുമതലയാണ്. മേൽനോട്ട ചുമതല മാത്രമാണ് മെമ്പർ സെക്രട്ടറിയ്ക്കുള്ളത്. അക്കൗണ്ടന്റിന്റെ അഭാവം നികത്തേണ്ടത് കുടുംബ്രശ്രീ ജില്ലാ മിഷന്റെ ചുമതലയാണ്.
iii. ക്യാഷ് ബുക്ക് ഉൾപ്പെടെയുള്ളവ എഴുതി തയ്യാറാക്കേണ്ടത് അക്കൗണ്ടന്റിന്റെ ചുമതലയാണ്. അക്കൗണ്ടുകൾ പരിശോധന നടത്തേണ്ട മെമ്പർ സെകട്ടറിക്ക് ക്യാഷ് ബുക്ക് ഉൾപ്പെടെയുള്ള അക്കൗണ്ടിങ്ങ് വിവരങ്ങൾ നൽകേണ്ടത്

അക്കൗണ്ടന്റാണ്.

iv. **2019** നവംബർ **8** മുതൽ അവണൂർ **CDS** ന് അക്കൗണ്ടന്റ് നിലവിൽ ഇല്ല. കുടുംബ്രശ്രീ ത്രിതല സംവിധാനത്തിൽ കമ്മ്യൂണിറ്റി ഡവലപ്മെന്റ് സൊസൈറ്റി ആക്ട് പ്രകാരം നിയമനം ഉൾപ്പെടെയുള്ള കാര്യങ്ങൾ നിർവ്വഹിക്കുന്നത് ജില്ലാ മിഷനാണ്. **2018** ൽ അക്കൗണ്ടന്റിനെ ചുമതലയിൽ നിന്നും ഒഴിവാക്കിയതും ജില്ലാ മിഷൻ കോ-ഓർഡിനേറ്ററാണ്.

v. മെമ്പർ സെക്രട്ടറിയ്ക്ക് ത്രിതല സംവിധാനത്തിൽ എക്സ് ഒഫിഷ്യോ പദവി മാത്രമാണുള്ളത്. അക്കൗണ്ടന്റിന്റെ അഭാവം പല യോഗങ്ങളിലും, നേരിട്ടും ജില്ലാ മിഷനെ അറിയിച്ചെങ്കിലും ശ്രീമതി രമ്യ കെ. ആർ. ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത **WP(C) NO 31736/2018(N)** കേസ് നിലവിൽ ഉണ്ടെന്ന് പറഞ്ഞ് നിയമനം നടത്താതിരുന്നത് ജില്ലാ മിഷനാണ്. ഇക്കാര്യത്തിൽ മെമ്പർ സെക്രട്ടറിക്ക് ഉത്തരവാദിത്തങ്ങൾ ഒന്നുംതന്നെ കുടുംബശ്രീ ബൈലോയിൽ പറയുന്നില്ല.

vi. **CDS** സംവിധാനത്തിൽ ഓഡിറ്റ് നടത്തുന്നത് ഒരു ഏജൻസിയാണ്. അവർ ആവർത്തിച്ച് റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടും, അക്കൗണ്ടന്റിനെ നിയമിക്കാതിരുന്നത് ജില്ലാ മിഷനാണ്. അക്കാലത്തും കേസ് നിലവിൽ ഉണ്ടെന്നാണ് മറുപടി നൽകിയിരുന്നത്.

vii. പ്രതിമാസ അക്കൗണ്ട് തയ്യാറാക്കേണ്ടതും അക്കൗണ്ടന്റാണ്. ആയതിനാലാണ് പ്രതിമാസ കണക്കുകളുടെ പരിശോധന നടത്താൻ കഴിയാഞ്ഞത്.

**4) CDS** മെമ്പർ സെക്രട്ടറിയുടെ ചുമതല കൂടാതെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ചുമതല, മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ, പട്ടികജാതി പദ്ധതികളുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ, ജനന-മരണ, വിവാഹ രജിസ്ട്രേഷൻ, സെക്രട്ടറിയുടെ അഭാവത്തിൽ സെക്രട്ടറിയുടെ ചുമതല, എന്നിങ്ങനെ വിവിധ ജോലിത്തിരക്കുകളും ടിയാളുകൾ കാരണമായി പരാമർശിച്ചിട്ടുണ്ട്.

**5)** കൂടാതെ വിജിലൻസ് **&** ആന്റി കറപ്ഷൻ വിഭാഗത്തിന്റെ മിന്നൽ പരിശോധന നടത്തിയത് **24/7/2023**-നാണ് എന്നും ശ്രീ. വിനു എൻ.പി **06/07/2023** മുതൽ തൃശ്ശൂർ കോർപ്പറേഷനിൽ ജോലി ചെയ്തു വരുന്നതായും ആയതിനാൽ ഇക്കാര്യത്തിൽ ടിയാന് ഉത്തരവാദിത്വമില്ലെന്നും, അക്കൗണ്ടന്റിനെ **2019** മുതൽ നിയമിക്കാതിരുന്നത് ജില്ലാ മിഷന്റെ നിരുത്തരവാദിത്തമാണ് എന്നും ശ്രീ.വിനു എൻ.പി ബോധിപ്പിച്ചിരുന്നു.

**6)** ശ്രീമതി ചിത്ര എം. പി. **25/01/2018** മുതൽ **14/09/2020** വരെയാണ് മെമ്പർ സെക്രട്ടറിയായി ജോലി ചെയ്തിരുന്നത് എന്നും അവണൂർ ഗ്രാമപഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ച ഉടൻ തന്നെയാണ് **2018**-ലെ മഹാപ്രളയം ഉണ്ടായത് എന്നും, അതിന്റെ ഭാഗമായി മെമ്പർ സെക്രട്ടറിയെന്ന നിലയിലും അസിസ്റ്റന്റ് സെക്രട്ടറിയെന്ന നിലയിലും വഹിച്ച ഉത്തരവാദിത്വങ്ങൾ തീരുന്നതിന് മുൻപ് തന്നെ

കോവിഡ് കാലവും വന്നുവെന്നും, മെമ്പർ സെക്രട്ടറിയ്ക്ക് ദിനവും സമൂഹഅടുക്കള, അതിഥി തൊളിലാളി ക്ഷേമം എന്നിവയൊക്കെ ശ്രദ്ധിക്കണമായിരുന്നെന്നും കോവിഡ് കാലത്തിന്റെ ഭാരിച്ച ഉത്തരവാദിത്തങ്ങൾ മെമ്പർ സെക്രട്ടറിയെന്ന നിലയിൽ ഗ്രാമപഞ്ചായത്തിൽ നിന്ന് വിടുതൽ ചെയ്യുന്ന കാലംവരെയും ഭംഗിയായി നിർവഹിച്ചിട്ടുള്ളതാണെന്നും ശ്രീമതി ചിത്ര എം. പി. എതിർവാദ പത്രികയിൽ ബോധിപ്പിച്ചിരുന്നു.

7) ശ്രീ. വിനു എൻ.പി, ശ്രീമതി ചിത്ര എം. പി. എന്നിവർ സമർപ്പിച്ച എതിർവാദപത്രികയിൽ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (4) പ്രകാരം സമർപ്പിച്ച അഭിപ്രായ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

*ശ്രീമതി ചിത്ര എം.പി, ശ്രീ. വിനു എൻ. പി. എന്നിവരുടെ മറുപടി പൊതുവെ തൃപ്തികരമാണ്. കുടുംബശ്രീ ത്രിതല സംവിധാനത്തിൽ അക്കൌണ്ടന്റിനെ നിയമിക്കേണ്ടത് കുടുംബശ്രീ ജില്ലാ മിഷനാണ്. CDS അക്കൗണ്ടന്റ് ആണ് കുടുംബശ്രീ സംവിധാനത്തിന്റെ അക്കൗണ്ട്സ് കൈകാര്യം ചെയ്യേണ്ടത്. CDS അക്കൗണ്ടന്റിനെ നിയമിയ്ക്കാൻ ജില്ലാ മിഷനോട് അഭ്യർത്ഥിയ്ക്കാൻ മാത്രമേ മെമ്പർ സെക്രട്ടറിയ്ക്ക് സാധിയ്ക്കുകയുള്ളൂ. തൃശ്ശൂർ ഗവ. മെഡിക്കൽ കോളേജ് അവണൂർ ഗ്രാമപഞ്ചായത്ത് പരിധിയിലാണ് സ്ഥിതി ചെയ്യുന്നത് എന്നതിനാൽ തൃശ്ശൂർ ജില്ലയിൽ ഏറ്റവും കൂട്ടതൽ ജനനവും, മരണവും രജിസ്റ്റർ ചെയ്യപ്പെടുന്നത് അവണൂർ ഗ്രാമപഞ്ചായത്തിലാണ്. ആയത് മറ്റ് ഗ്രാമപഞ്ചായത്തുകളെ അപേക്ഷിച്ച് അവണൂർ ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് സെക്രട്ടറിമാരുടെ ജോലിഭാരം വർദ്ധിപ്പിക്കുന്നു എന്ന് ജില്ലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ CDS ഓഫീസ് സ്ഥിതിചെയ്യുന്നത് പഞ്ചായത്ത് ഓഫീസിൽ നിന്ന് അകലെയായതിനാൽ മേൽനോട്ടം നിർവഹിയ്ക്കുന്നതിനുള്ള അവസരവും കുറവായിരിയ്ക്കും എന്നും ജില്ലാ ജോയിന്റ് ഡയറക്ടർ അറിയിച്ചിട്ടുണ്ടെന്നും ആയതിനാൽ മേൽപറഞ്ഞ ഉദ്യോഗസ്ഥരുടെ വിശദീകരണം പരിഗണനാർഹമാണ് എന്നും തുടർ നടപടികൾ ഒഴിവാക്കാവുന്നതാണ് എന്നും പ്രിൻസിപ്പൽ ഡയറക്ടർ അഭിപ്രായപ്പെടുകയുണ്ടായി.*

8) പ്രിൻസിപ്പൽ ഡയറക്ടറുടെ മേൽ അഭിപ്രായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കുടുംബശ്രീ ത്രിതല സംവിധാനത്തിൽ അക്കൗണ്ടന്റിനെ നിയമിക്കേണ്ടത് കുടുംബശ്രീ ജില്ലാ മിഷനാണ്. CDS അക്കൗണ്ടന്റ് ആണ് കുടുംബശ്രീ സംവിധാനത്തിന്റെ അക്കൗണ്ട്സ് കൈകാര്യം ചെയ്യേണ്ടത്. CDS അക്കൗണ്ടന്റിനെ നിയമിയ്ക്കാൻ ജില്ലാമിഷനോട് അഭ്യർത്ഥിയ്ക്കാൻ മാത്രമേ മെമ്പർ സെക്രട്ടറിയ്ക്ക് സാധിയ്ക്കുകയുള്ളൂ. 2018-ൽ നീക്കം ചെയ്ത അക്കൗണ്ടന്റിന് പകരം നിയമനം നടത്തേണ്ടത് ജില്ലാ മിഷനാണ്. ആയതിനാൽ ഉദ്യോഗസ്ഥരുടെ വിശദീകരണം പരിഗണനാർഹമാണെന്നും തുടർ നടപടികൾ ഒഴിവാക്കണമെന്നുമുള്ള പ്രിൻസിപ്പൽ ഡയറക്ടറുടെ ശിപാർശ പരിഗണിച്ച്, അവണൂർ ഗ്രാമപഞ്ചായത്തിലെ മുൻ അസിസ്റ്റന്റ് സെക്രട്ടറിമാരായ ശ്രീമതി ചിത്ര എം.പി, ശ്രീ. വിനു എൻ. പി. എന്നിവർക്കെതിരെ KCS (CC&A) Rules

**1960** ലെ ചട്ടം **16** പ്രകാരം കുറ്റാരോപണ പത്രിക നൽകി ആരംഭിച്ച അച്ചടക്ക നടപടി, ടിയാളുകൾക്കെതിരെയുള്ള തുടർ നടപടി ഉപേക്ഷിച്ച്, തീർപ്പാക്കി ഉത്തരവാകുന്നു. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജോൺ വി സാമുവൽ ഐ എ എസ്
അഡിഷണൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ *(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).*
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം/തൃശ്ശൂർ.
4. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
5. ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തൃശ്ശൂർ.
6. വിജിലൻസ് (ഡി) വകുപ്പ് ***(29/01/2026** തീയതിയിലെ **VIG-D4/42/2024-VIG** നമ്പർ കുറിപ്പ് പ്രകാരം).*
7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി. (ഫയൽ നം. ഇപിബി3/**192/2024**/തസ്വഭവ.)

ഉത്തരവിൻ പ്രകാരം

**Signed by Riju M Das**
**Date: 23-02-2026 13:22:07**

സെക്ഷൻ ഓഫീസർ